

## സെന്റ് ജോസഫ്സ് അഡോറേഷൻ കോൺവെന്റ് കാവക്കാട്

സ്ഥാപനം : 1989

ബ. വികാരിയച്ചനും ഇടവകക്കാരും താല്പര്യപ്പെട്ടപ്പോൾ മഠത്തിനാവശ്യമായ സ്ഥലം വാങ്ങിച്ചു. 1989-ൽ ഉറുമ്പിൽ ജോർജ്ജിന്റെ വീട് വാടകകയ്ക്കെടുത്ത് താമസിച്ചുകൊണ്ട് മഠം പണി ആരംഭിച്ചു. പിന്നീട് അവിടെ നിന്ന് മാറി പിച്ചാപ്പിള്ളിൽ മത്തായിയുടെ കെട്ടിടത്തിൽ താമസമാക്കി. 1990-ൽ മഠം പണി പൂർത്തിയാക്കി വെഞ്ചരിച്ച് സിസ്റ്റേഴ്സ് മഠത്തിൽ താമസമാക്കി. അതോടൊപ്പം ഒരു നേഴ്സറി സ്ക്കൂളിനും തുടക്കമിട്ടു. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ അതിപ്രസരം മൂലം കുട്ടികളുടെ എണ്ണം കുറഞ്ഞപ്പോൾ അത് നിറുത്തലാക്കി. നിർദ്ധനരായ പെൺകുട്ടികൾക്ക് പരിശീലനം നല്കാൻ 2006-ൽ ഒരു തയ്യൽ സെന്റർ ആരംഭിച്ചു. അത് ഇപ്പോഴും തുടരുന്നു. ബ. വികാരിയച്ചനോട് സഹകരിച്ച് ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സ് പങ്കുചേരുന്നു.